പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1339 30.09.2011 ൽ മറുപടിക്ക്

നൂറുദിന പരിപാടിയുടെ പരസ്യ പ്രചാരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പു'മന്ത്രി) |
| (എ) ഈ സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി ഏതെല്ലാം ദൃശ്യ, ശ്രാവ്യ, പ്രിന്റിംഗ്, മീഡിയകൾക്ക് എത്ര തവണവീതം ഏതെല്ലാം പദ്ധതികളുടെ പ്രചാരണത്തിനായി എത്ര രൂപയുടെ പരസ്യം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (എ) | പി.ആർ.ഡിയുടെ മീഡിയ ലിസ്റ്റിലുള്ള പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീക രണങ്ങൾ, ടി.വി.ചാനലുകൾ, പ്രൊഡക്ഷൻ ഹൗസുകൾ, സി.സി.ടി.വികൾ, വെബ്പോർട്ട ലുകൾ എന്നിവയിൽ സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി പരസ്യം നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. കൂടാതെ മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ചില ആനുകാലിക പ്രസിദ്ധീകരണ ങ്ങൾക്ക് സുവനീർ നിരക്കിലും പരസ്യം നല്കിയിട്ടുണ്ട്.<br><br>അനുബന്ധം 2-ൽ പറഞ്ഞിരിക്കുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ സംബന്ധിച്ച പരസ്യങ്ങളാണ് നൽകിയിട്ടുള്ളത്.<br><br>പത്രമാധ്യമങ്ങൾക്ക് ഒരു പരസ്യം മാത്രം രണ്ടുതവണ നല്കിയിട്ടുണ്ട്. മറ്റുള്ളവ ഓരോ തവണ മാത്രമേ നല്കിയിട്ടുള്ളൂ.<br><br>ടി.വി.ചാനലുകൾക്ക് രണ്ടാഴ്ച പരസ്യം നല്കിയിട്ടുണ്ട്. അതിൽ ആദ്യത്തെ ഒരാഴ്ച ദിവസേന 30 സെക്കന്റിന്റെ 4 insertion വീതവും രണ്ടാമത്തെ ആഴ്ചയിൽ 30 സെക്കന്റിന്റെ 2 insertion വീതവും നല്കിയിട്ടുണ്ട്. |

എഫ്.എം.റേഡിയോയ്ക്ക് രണ്ടാഴ്ചക്കാലം ദിവസേന 30 സെക്കന്റിന്റെ 4 insertion വീതവും നല്കിയിട്ടുണ്ട്.

വെബ്പോർട്ടലിന് 15 ദിവസം തുടർച്ചയായും പ്രൊഡക്ഷൻ ഹൗസുകളുടെ പ്രോഗ്രാമുകളിൽ രണ്ടും മൂന്നും insertion വീതവും നല്കിയിട്ടുണ്ട്.

| | | |
|---|---|---|
| (ബി) ഇതിനായി മൊത്തം എത്ര തുക ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (ബി) | മാധ്യമ സ്ഥാപനങ്ങളിൽ നിന്നും ബില്ലുകൾ ലഭിച്ചിട്ടില്ല.. |
| (സി) നൂറുദിന പരിപാടിയുടെ ഭാഗമായി പി.ആർ.ഡി.മുഖേനയല്ലാതെ എത്ര രൂപയുടെ പരസ്യം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.